MD NICHE
MEDIA CONSULTANTS

**MANGALAM**

**Karappuzha Tourism project approved**

Date: **16-03-2012** | Edition: **All Kerala** | Page No: **12** | Clip size (cm) - W: **4** H: **10**

# കാരാപ്പുഴ ടൂറിസം കേന്ദ്ര വികസനം യാഥാർഥ്യമാകുന്നു: മന്ത്രി

തിരുവനന്തപുരം: വയനാട് ജില്ലയിലെ കാരാപ്പുഴ ഡാം സൈറ്റും പരിസര പ്രദേശങ്ങളും മേജർ ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയതായി പട്ടികജാതി പിന്നാക്ക ക്ഷേമ ടൂറിസം മന്ത്രി എ.പി. അനിൽകുമാർ അറിയിച്ചു. കാരാപ്പുഴ ഡാംസൈറ്റ് ടൂറിസ്റ്റ് കേന്ദ്ര വികസനത്തിനായി 492.03 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

ടൂറിസ്റ്റ് അറൈവൽ കം ഫെസിലിറ്റേഷൻ സെന്റർ, ഓപ്പൺ എയർ തിയേറ്ററും വീഡിയോ പ്രസന്റേഷൻ ഹാളും സോവനീർ ആൻഡ് സ്പൈസ് സ്റ്റാൾ, നടപ്പാതയും പാർക്കിംഗ് പാതയും ടൈൽസ് പാകൽ, ലാൻഡ്സ്കേപ്പിംഗ് വൈദ്യുതീകരണവും വൈദ്യുതി വിളക്കുകൾ സ്ഥാപിക്കലും എന്നിവയാണ് ടൂറിസ്റ്റ് കേന്ദ്ര വികസനത്തിന്റെ ഭാഗമായി പൂർത്തിയാക്കുക.